TM241530X

Reg. No :..............................

Name :..............................

MASTER'S DEGREE (C.S.S) EXAMINATION, NOVEMBER 2024

2024 ADMISSIONS REGULAR

SEMESTER I - CORE COURSE MALAYALAM

MA1C01M - Kavitha : Pracheenam, Madhyakalam

Time : 3hrs Hours

Maximum Weight : 30

## Part A

**I. Answer any Eight questions. Each question carries 1 weight** **(8x1=8)**

1. "വാനരവീരരാമവരേവരോടും നിർമ്മലനായ
   വായുതനൂജനാദരവോടെ ചൊന്നാൻ" - പറഞ്ഞതെന്തെല്ലാം?
2. " നാനെന ചെയ്‌വേൻ വനമൂടെ കളന്തു നിന്നെ
   നാഥാ തിരുമ്പി വാ രാമാ " - ആരുടെ പരിദേവനമാണിത്? കാരണമെന്ത്?
3. നളനെ വേർപെട്ട ദമയന്തിയുടെ അവസ്ഥ 'ഭാഷാനൈഷധം ചമ്പു'വിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?
4. ' ചമ്പകമേ മന്മഥനൈതമ്പുകൾ
   കൊണ്ടെൻറെ ധൈര്യമുലയുന്നു' - ആരുടെ ദൈന്യാവസ്ഥയാണിത് ? കാരണമെന്ത് ?
5. കിളിപ്പാട്ടുവൃത്തങ്ങളെ പരിചയപ്പെടുത്തുക.
6. സ്തോത്രകാവ്യങ്ങളെ പരിചയപ്പെടുത്തുക.
7. ' നല്ലതും നീ തുടങ്ങുന്നതൊക്കെയും
   നല്ലതായിട്ടു തീരും നിനക്കെടോ ' - ആര് ആർക്ക് നൽകുന്ന ആശംസയാണിത് ?
8. " ഓർത്താലെൻറെ ദാരിദ്ര്യം തീർത്തയച്ചേനെ അർഥിച്ചെങ്കിൽ
   ആർത്തപാരിജാതമതൊന്നയർത്തുപോയി "- കാവ്യസൂചനയെന്ത് ?
9. " നന്മ നമുക്കതേയുള്ളൂ ഗുരുകടാക്ഷം കൂടാതെ
   ജന്മസാഫല്യം വരുമോ ജനിച്ചാലാർക്കും "- ആരുടെ വാക്കുകൾ ? ആശയമെന്ത് ?
10. വാമൊഴിപ്പാട്ടുകളിൽ കഥാഗാനങ്ങൾക്കുള്ള സ്ഥാനം നിർണ്ണയിക്കുക.

## Part B

**II. Answer any Six questions. Each question carries 2 weight** **(6x2=12)**

11. പുത്രവിയോഗം സഹിക്കാതെ വിലപിക്കുന്ന ദശരഥൻറെ വികാരനിർഭരമായ ചിത്രം രാമകഥാപ്പാട്ടിൽ അവതരിപ്പിക്കുന്നതെങ്ങനെ?
12. "ആർക്കലി ചിന്ത ചെയ്യിതു രാമദൂതനിവന്നു
    ഞാൻ സൽക്കാരമിയറ്റുവാൻ.... " - സന്ദർഭവും ആശയവും വിശദമാക്കുക.
13. " അലഘു ജഘനഭാരം മന്ദം മന്ദം വഹന്തീ
    നളനെ വടിവിലാരാഞ്ഞങ്ങുമിങ്ങും ചരന്തീ
    ചലധൃതി ദമയന്തീ ഹന്ത കാന്തം സ്മരന്തീ
    വ്യപലപദഥാ കിരന്തി ബാഷ്പധാരാം ശ്വസന്തീ " - സന്ദർഭവും ആശയവും വ്യക്തമാക്കുക.
14. 'കാലാരേ നിൻ വപുരുടനുടൻ
    മേ തോഷണം ഭീഷണം മേ ' - സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.
15. 'ഭീഷ്മപർവ്വ'ത്തിൽ പ്രത്യക്ഷപ്പെടുന്ന ഭീഷ്മരുടെയും അർജ്ജുനൻറെയും സ്വഭാവ സവിശേഷതകൾ നിരൂപണം ചെയ്യുക?
16. 'ഓമനത്തിങ്കൾക്കിടാവോ' എന്ന ഗാനത്തിൻറെ കല്പനാചാരുത വിലയിരുത്തുക.
17. ഭാഷാസാഹിത്യത്തിൽ എഴുത്തച്ഛനുള്ള സ്ഥാനം നിർണ്ണയിക്കുക.
18. പടപ്പാട്ടുകൾ, കൈകൊട്ടിക്കളിപ്പാട്ടുകൾ ഇവയെന്തെന്ന് വിശദമാക്കുക.

**Part C**

**III. Answer any Two questions. Each question carries 5 weight** **(2x5=10)**

19. 'രാമചരിതത്തിൽ നിന്ന് കണ്ണശ്ശരാമായണത്തിലേക്ക് എത്തുമ്പോൾ പാട്ട് പ്രസ്ഥാനത്തിൻറെ അനുസ്യൂതവികസനമാണ് നാം കാണുന്നത്'- ഈ അഭിപ്രായം പരിശോധിക്കുക.
20. പ്രാചീന കേരളത്തിൻറെ സാമൂഹികവും സാംസ്കാരികവും പാരിസ്ഥിതികവുമായ ചിത്രം ആവിഷ്കരിക്കുന്നവയാണ് സന്ദേശകാവ്യങ്ങളിലെ മാർഗ്ഗവർണ്ണനകൾ - 'കോകസന്ദേശ'ത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.
21. ഭക്തിയുടെയും ആത്മസമർപ്പണത്തിൻറെയും നിറവാണ് 'ആത്മാനുതാപ'ത്തിലെ അഞ്ചാം പാദം - ഈ അഭിപ്രായം പരിശോധിക്കുക.
22. വീരകഥാഗാനങ്ങൾ എന്ന നിലയിൽ വടക്കൻ പാട്ടുകൾക്കും തെക്കൻ പാട്ടുകൾക്കുമുള്ള സവിശേഷതകൾ വിലയിരുത്തുക.